**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6667** **21-03-2023 - ൽ മറുപടിയ്ക്ക്**

**വെമ്പായം ചിറമുക്ക് മുഹിയുദ്ദീൻ മസ്ജിദ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ അലൈൻമെന്റിൽ നിന്നും വെമ്പായം ഗ്രാമ പഞ്ചായത്തിലെ ചിറമുക്ക് മുഹിയുദ്ദീൻ മസ്ജിദിനെ ഒഴിവാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലും, ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ സാധ്യതാ പഠനം നടത്തി അലൈൻമെന്റ് നിർണയിച്ചത്, Capital Region Development Project ആണ്. തുടർന്ന് അലൈൻമെന്റിന് കേന്ദ്ര ഉപരിതലഗതാഗത വകുപ്പും ദേശീയപാത അതോറിറ്റിയും അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം 3A നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. 3D സർവ്വേ നടപടികൾ പുരോഗമിക്കുന്നു. ഈ ഘട്ടത്തിൽ അലൈൻമെന്റിന് മാറ്റം വരുത്തുന്നത് സ്വീകാര്യമല്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. അലൈൻമെന്റിൽ ഉൾപ്പെട്ട പൊതു സ്ഥലങ്ങൾ, ആരാധാനാലയങ്ങൾ എന്നിവയ്ക്ക് MoRTH LA Manual പ്രകാരം നഷ്ടപരിഹാരം നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ